**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3098** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂജല വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂജല വകുപ്പിന്റെ ചുമതലകളും വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നടപടികളും ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | ഭൂജലവകുപ്പ്, ഭൂജല വികസനത്തിനും പരിപാലനത്തിനുമുള്ള നോഡൽ വകുപ്പായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു<br><br>**പ്രധാന പ്രവർത്തനങ്ങൾ**<br><br>1. സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധ തരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും, നിർമ്മാണവും.<br><br>2. വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.<br><br>3. കുടിവെള്ളത്തിനും, ജലസേചനത്തിനും വ്യാവസായികാവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, റ്റ്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡവലപ്പിംഗ്, ലോഗിംഗ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.<br><br>4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് എം.പി/ എം.എൽ.എ ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ഭൂജല പദ്ധതികൾ നടപ്പിലാക്കലും, സാങ്കേതിക സഹായവും ഉപദേശം നൽകലും.<br><br>5. ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 - ന്റെ ഫലപ്രദമായ നടപ്പാക്കൽ. |

6. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വകുപ്പ ഫണ്ട് ഉപയോഗിച്ച് ചെറുകിട കുടിവെള്ള ജലവിതരണ പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പാക്കൽ, ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കൽ.

7. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽ കിണർ, കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപണികൾ.

8. സംസ്ഥാനത്തിലെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ.

9. ഭൂജലത്തിന്റെയും, ഉപരിതല ജലത്തിന്റെയും സമാസമമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കൽ.

10. ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ.

11. ഭൂജല നിരപ്പ്, ഗുണനിലവാരം എന്നിവയുടെ ഡാറ്റാ ശേഖരണവും, പഠന റിപ്പോർട്ടുകൾ തയ്യാറാക്കലും.

12. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

13. ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം പ്രളയബാധിത പ്രദേശങ്ങളിലെ റാപ്പിഡ് റിസ്ക് അസ്സെസ്സ്മെന്റുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ടുകൾ തയ്യാറാക്കൽ.

14. ഹരിത കേരള മിഷന്റെ ജലസംരക്ഷണ പദ്ധതികൾക്കുള്ള സാങ്കേതിക സഹായം നൽകൽ, വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഭൂജലസംപോഷണ പദ്ധതികൾ നടപ്പിലാക്കൽ.

15. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റ് നടപ്പിലാക്കൽ, ഈ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ വിവരശേഖരണം (വെൽ സെൻസസ് പ്രോഗ്രാം) നടപ്പിലാക്കുക. മൊബൈൽ ലബോറട്ടറി ഉപയുക്തമാക്കി സംസ്ഥാനത്തെ ഓരോ ജില്ലകളിൽ നിന്നും ഭൂജല ഗുണ നിലവാരശോഷണം ഉള്ള തെരഞ്ഞെടുത്ത 14 ബ്ലോക്കുകളിൽ ഭൂജല ഗുണനിലവാര പരിശോധന നടത്തുക. നീരുറവകളുടെ (സ്പ്രിംഗ്സ്) ആദ്യ സെൻസസ് നടപ്പിലാക്കുക .

16. വകുപ്പ് പ്ലാൻ / ഡെപ്പോസിറ്റ് പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ / റീചാർജജ് പദ്ധതികളുടെ അപേക്ഷ, ബന്ധപ്പെട്ട

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾ / സെക്രട്ടറി LSGD / പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കുന്നു. ആയതിൽ വിശദമായ ഭൂജല പര്യവേഷണം നടത്തി ഫീസിബിൾ ആയ പ്രൊപ്പോസലുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഡെലിഗേഷൻ ഓഫ് പവർ അനുസരിച്ച് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി വരുന്നു. |
| (ബി) | എന്തെല്ലാം പുതിയ പദ്ധതികളാണ് നിലവിൽ ഭൂജല വകുപ്പ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം പൈലറ്റ് അടിസ്ഥാനത്തിൽ ഗുരുതര / അർദ്ധ ഗുരുതര ബ്ലോക്കുകളിലെ ഗാർഹിക / പ്രൈവറ്റ് സ്ഥാപനങ്ങളിൽ സബ്സിഡി അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വകുപ്പ് മുഖേന തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ആവിഷ്കരിച്ചതോ പൂർത്തീകരിച്ചതോ ആയ പദ്ധതികളുടെ വിശദവിവരങ്ങൾ ഓരോന്നും ഇനം തിരിച്ചു ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഭൂജലവകുപ്പ് മുഖേന തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | നിയോജക മണ്ഡലം | സാമ്പത്തിക വർഷം | തദ്ദേശ സ്വയം ഭരണ സ്ഥാപനം | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | തിരൂരങ്ങാടി | 2018-19 | പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് | ജി.വി.എച്ച്.എസ്.എസ് ചെട്ടിയാം കിണർ കൃത്രിമ ഭൂജല സംപോഷണ പദ്ധതി ( തുറന്ന കിണർ) | 78,734/- |
| 2 | തിരൂരങ്ങാടി | 2020-2021 | തെന്നല ഗ്രാമ പഞ്ചായത്ത് | ജി.എം.യു.പി സ്കൂൾ വെന്നിയൂർ കൃത്രിമ ഭൂജല സംപോഷണ പദ്ധതി (പിറ്റ് റീചാർജ്ജ്) | 1,04,392/- |
| 3 | തിരൂരങ്ങാടി | 2021-2022 | പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് | ഗവ. ആയുർവേദ ഡിസ്പെൻസറി പെരുമണ്ണ ക്ലാരി കൃത്രിമ ഭൂജല സംപോഷണ പദ്ധതി ( തുറന്ന കിണർ) | 96,895/- |
| 4 | തിരൂരങ്ങാടി | 2021-2022 | പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് | ഗവ. എൽ പി. സ്കൂൾ കുറ്റിപ്പാല കൃത്രിമ ഭൂജല സംപോഷണ പദ്ധതി (തുറന്ന കിണർ) | 1,01,481/- |
| 5 | തിരൂരങ്ങാടി | 2021-2022 | പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് | ആർ.ആർ.ആർ.എഫ് പോലീസ് ക്യാമ്പ് കൃത്രിമ ഭൂജല സംപോഷണ പദ്ധതി (തുറന്ന കിണർ) | 2,45,052/- |
| 6 | തിരൂരങ്ങാടി | 2021-2022 | നന്നമ്പ്ര ഗ്രാമ പഞ്ചായത്ത് | ഉള്ളാട്ടുപറമ്പ കുഴൽ കിണർ നിർമ്മാണം | 40,366/- |
| 7 | തിരൂരങ്ങാടി | 2023-24 | എടരിക്കോട് | ജി.എച്ച്.എസ്.എസ് പുതുപ്പറമ്പ കൃത്രിമ ഭൂജല സംപോഷണ പദ്ധതി (തുറന്ന കിണർ) | 2,33,678/- |

(signature)

**സെക്ഷൻ ഓഫീസർ**